# 13 -ാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 4249 16/12/2014 - ൽ മറുപടിയ്ക്ക്

## മലപ്പുറം ജില്ലയിലെ പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. കെ. ബഷീർ | കുമാരി. പി. കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസികളുടെ ക്ഷേമം ലക്ഷ്യമാക്കി മലപ്പുറം ജില്ലയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്; നിയോജക മണ്ഡലം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസികളുടെ ക്ഷേമം ലക്ഷ്യമാക്കി (മലപ്പുറം ജില്ല ഉൾപ്പെടെ) നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. തെരഞ്ഞെടുത്ത പ്രദേശങ്ങളുടെ സമഗ്രവും സുസ്ഥിരവുമായ വികസനത്തിനുള്ള "അഡീഷണൽ ട്രൈബൽ സബ്പ്ലാൻ", "ഹാംലൈറ്റ് വികസന പദ്ധതി" എന്നിവ ഒഴികെയുള്ള എല്ലാ പദ്ധതികളും മലപ്പുറം ജില്ലയിലെ എല്ലാ നിയോജക മണ്ഡലങ്ങളിലും നടപ്പിലാക്കി വരുന്നു. അഡീഷണൽ ട്രൈബൽ സബ്പ്ലാൻ, ഹാംലൈറ്റ് വികസന പദ്ധതി എന്നിവ നിലമ്പൂർ, ഏറനാട് നിയോജക മണ്ഡലങ്ങളിലും നടപ്പിലാക്കി വരുന്നു. |
| (ബി) ഏറനാട് മണ്ഡലത്തിൽ ഏതെല്ലാം പുതിയ പദ്ധതികളാണ് ഉള്ളത്; വിശദാംശം ലഭ്യമാക്കുമോ? | (ബി) തെരഞ്ഞെടുത്ത പിന്നാക്ക പട്ടിക വർഗ്ഗ പ്രദേശങ്ങളുടെ സമഗ്രവും സുസ്ഥിരവുമായ വികസനത്തിനുള്ള അഡീഷണൽ ട്രൈബൽ സബ്പ്ലാൻ, ഹാംലൈറ്റ് വികസന പദ്ധതി എന്നിവയാണ് ഏറനാട് മണ്ഡലത്തിൽ നടപ്പാക്കുന്ന പുതിയ പദ്ധതികൾ. |

സെക്ഷൻ ഓഫീസർ

4249
16/12

# അനുബന്ധം

1. എസ്.എസ്.എൽ.സി പരീക്ഷയിൽ എ. എ· ഗ്രേഡ് കിട്ടുന്ന കുട്ടികളെ എൻട്രൻസ് പരീക്ഷയ്ക്ക് സജ്ജരാക്കുന്നതിനുള്ള പദ്ധതി.
2. അവിവാഹിതരായ അമ്മമാരുടെ പുനരധിവാസത്തിനുള്ള പദ്ധതി.
3. തൊഴിലവസരങ്ങളെകുറിച്ചും ഉന്നത വിദ്യാഭ്യാസത്തെ കുറിച്ചും വിവരങ്ങൾ നൽകുന്നതിനായി പട്ടികവർഗ്ഗ പ്രദേശങ്ങളിൽ **സഹായി** കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള പദ്ധതി.
4. പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാംസ്ക്കാരിക വികസനത്തിനായി കമ്മ്യൂണിറ്റി ഹാളുകൾ നിർമ്മിക്കുന്നതാണ്.
5. പ്രാക്തനഗോത്രവർഗ്ഗക്കാരുടെ സംയോജിത വികസനത്തിനും ജീവനോപാധി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുമുള്ള പദ്ധതി.
6. പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്ന പദ്ധതി.
7. തൊഴിൽ രഹിതരായ 500 പട്ടികവർഗ്ഗ യുവതികൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകുകയും ആയത് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ജീവനോപാധി എന്ന നിലയിൽ ആട്ടോറിക്ഷാ വാങ്ങി നൽകുന്ന പദ്ധതി.
8. അരിവാൾരോഗം ബാധിച്ച പട്ടികവർഗ്ഗക്കാർക്ക് ഒരു സാന്ത്വനമെന്ന നിലയിലും അവർക്ക് അത്യാവശ്യം മരുന്നും മറ്റ് ജീവനോപാധികളും വാങ്ങുന്നതിനായി പ്രതിമാസം 1,000/- രൂപ വീതം ധനസഹായം അനുവദിക്കുന്ന പദ്ധതി.
9. പ്രത്യേക കേന്ദ്രസഹായപദ്ധതിയിൽ ഉൾപ്പെടുത്തി സ്വയംതൊഴിൽ പദ്ധതി നടപ്പാക്കൽ.
10. വനാവകാശ നിയമപ്രകാരം ഭൂമി ലഭ്യമായ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി കുടുംബങ്ങൾക്കും അടിസ്ഥാന സൗകര്യ വികസന പദ്ധതി
11. 2006 ലെ പട്ടികവർഗ്ഗക്കാർക്കുള്ള വനാവകാശ നിയമ പ്രകാരം അർഹതപ്പെട്ട മുഴുവൻപേർക്കും പട്ടയം നൽകുന്ന പദ്ധതി.
12. ഗോത്രസാരഥി പദ്ധതി - ഉൾവനങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും പി.റ്റി.എയുടേയും സഹകരണത്തോടെ യാത്രാസൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതി.
13. പട്ടികവർഗ്ഗക്കാരിലെ വംശീയ വൈദ്യന്മാർക്ക് ഇപ്പോഴത്തെ ജോലി തുടർന്ന് നടത്തുന്നതിനും ഗവേഷണങ്ങൾ നടത്തുന്നതിനും വർഷത്തിൽ 10,000/- രൂപാ വീതം ധനസഹായം നൽകുന്നപദ്ധതി .

4249
16/12

14. പട്ടികവർഗ്ഗ അമ്മമാരുടേയും കുഞ്ഞുങ്ങളുടേയും പോഷകാഹാരകുറവ് പരിഹരിക്കുന്നതിനായി ജനനീ ജന്മരക്ഷാ പദ്ധതി.
15. അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി പരമാവധി ഒരു ലക്ഷം രൂപയുടെ ധനസഹായം അനുവദിക്കുന്നതാണ്.
16. ഹാംലെറ്റ് വികസന പദ്ധതി - തെരെഞ്ഞെടുത്ത പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുള്ള പദ്ധതി.
17. കൈതാങ്ങ് പദ്ധതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അനാഥരും നിരാലംബരും മാതാപിതാക്കളുടെ സംരക്ഷണം ലഭ്യമാകാത്തതുമായ കുട്ടികളെ സംരക്ഷിക്കുന്നവർക്ക് പ്രതിമാസം 1,000/- രൂപാ ധനസഹായം നൽകുന്ന പദ്ധതി.
18. **ആശിക്കുന്ന ഭൂമി ആദിവാസിക്ക് സ്വന്തം** പദ്ധതി
19. തെരെഞ്ഞെടുത്ത 14 സങ്കേതങ്ങളുടെ സംയോജിത സുസ്ഥിര വികസന പദ്ധതിക്കായി അഡീഷണൽ ട്രൈബൽ സബ്പ്ലാനിൽ ഉൾപ്പെടുത്തി 150 കോടി രൂപ അനുവദിച്ചു.
20. പട്ടികവർഗ്ഗക്കാർക്കുള്ള കടാശ്വാസ പദ്ധതി

സെക്ഷൻ ഓഫീസർ